# ഭൂട്ടാൻ പ്രധാനമന്ത്രിയുമായുള്ള പ്രധാനമന്ത്രിയുടെ ഉഭയകക്ഷി കൂടിക്കാഴ്ചയും ധാരണാപത്രങ്ങളുടെ കൈമാറ്റവും

മാർച്ച് 22, 2024

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും ഭൂട്ടാൻ പ്രധാനമന്ത്രി ശ്രീ. ഷെറിംഗ് തോബ്ഗെയും ഇന്ന് തിംഫുവിൽ കൂടിക്കാഴ്ച നടത്തി. പ്രധാനമന്ത്രിയുടെ ബഹുമാനാർത്ഥം ഒരുക്കിയ ഉച്ചഭക്ഷണ വിരുന്നിനിടെയായിരുന്നു കൂടിക്കാഴ്ച. പറോ മുതൽ തിംഫു വരെ ഭൂട്ടാനിലെ ജനങ്ങൾ നൽകിയ ഊഷ്മളമായ സ്വീകരണത്തിൽ പ്രധാനമന്ത്രി, ഭൂട്ടാൻ പ്രധാനമന്ത്രി തോബ്ഗെയെ നന്ദി അറിയിച്ചു.

2. ഇരു നേതാക്കളും ബഹുമുഖ മേഖലകളിലെ ഉഭയകക്ഷി ബന്ധങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും പുനരുപയോഗ ഊർജ്ജം, കൃഷി, യുവജനങ്ങൾക്ക് ഇടയിലുള്ള ആശയവിനിമയം, പരിസ്ഥിതി, വനം, വിനോദസഞ്ചാരം തുടങ്ങി വിവിധ മേഖലകളിലെ സഹകരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ധാരണയിൽ എത്തുകയും ചെയ്തു. ഇന്ത്യയും ഭൂട്ടാനും എല്ലാ തലങ്ങളിലും അങ്ങേയറ്റം വിശ്വാസവും പ്രതിബദ്ധതയും പരസ്പര ധാരണയും പുലർത്തുന്ന സവിശേഷമായ ദീർഘകാല ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നു.

3. കൂടിക്കാഴ്ചയ്ക്ക് മുന്നോടിയായി, ഊർജ്ജം, വ്യാപാരം, ഡിജിറ്റൽ കണക്റ്റിവിറ്റി, ബഹിരാകാശം, കൃഷി, യുവാക്കൾക്ക് ഇടയിലെ സമ്പർക്കം തുടങ്ങിയ വിഷയങ്ങളിൽ നിരവധി ധാരണാപത്രങ്ങൾ/ ഉടമ്പടികൾ കൈമാറുന്നതിന് പ്രധാനമന്ത്രി മോദിയും ഭൂട്ടാൻ പ്രധാനമന്ത്രിയും സാക്ഷ്യം വഹിച്ചു.

https://bit.ly/3xa8U7y

**തിംഫു**
**മാർച്ച് 22, 2024**